# ഹാപ്പി വോയ്സ്

## സന്തോഷധ്വനി

VOL.26 MAY NO.5



## Happy Voice - സന്തോഷധ്വനി

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

**Chief Editor:**

**SIMON PAYYANUR**
**Tel: 02836-224763,226951,**
**M-09825169406**

**CO-Editor:**

**P.V.JOSE-Jaipur**
**M- 09829053425**

**Representatives: UAE**

**DUBAI**

**VARGHESE GEORGE**
**971-507694748**

**SHARJAH**

**JAMES MATHEW**
**M-971-506328241**

**FUJJAIRA**

**SUNNY IDICULA**
**M-971-559109855**

**RASALKHAIMA**

**SUNIL DANIEL CHARLY**
**M- 971-505657161**

**KERALA**

**P.D.CHACKO-KANNUR**
**M-09746881460**

**Annual Subscription;-**

India : Rs. 50.00

Please Mail :-

Articles,
Letters,Subscription,
Contribution to;

SIMON PAYYANUR
PLOT.NO.147,SECTOR.7,
GANDHIDHAM.
370201,KUTCH,GUJARAT.
**Tel: 02836-224763,226951**
**M-09825169406**
**e-mail:**
**payyanursimon@gmail.com**

OR

SIMON PAYYANUR,
A/c .NO.10316650005 SBI
IFSC Code: SBIN0000373.

ഹാപ്പി വോയസ് എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു.

പി.ഡി.എഫ് ഫോർമാറ്റിൽ ആവശ്യമുള്ളവർ ഇ- മെയിൽ വിലാസം അയച്ചു തരിക.

വരിസംഖ്യ കുടിശിഖ അയച്ചു തരിക.

VOL.26 | *Happy Voice* - സന്തോഷ ധ്വനി | 2014 NO.5

പത്രാധിപർ എഴുതുന്നു:-

# കുമ്പനാട് പ്രശ്നം

## ബ്രദറൺ സഭകൾക്കപമാനം

**ആ**ഗോള ബ്രദറൺകാരുടെ വത്തിക്കാനായി കുമ്പനാടിനെ മാററുവാനുള്ള ചില കുശാഗ്രബുദ്ധികളുടെ തന്ത്രപരമായ നീക്കത്തിനു ദൈവം കൊടുത്ത തിരിച്ചടിയായിട്ടാണ് കുമ്പനാട്ടെ ബ്രദറുകാരുടെയിടയിൽ ഇപ്പോൾ നടക്കുന്ന കേസുകളെയും വഴക്കുകളെയും ഞങ്ങൾ കാണുന്നത്. ഇതിനു വേണ്ടി വലിയ വിലകൊടുത്തുകൊണ്ടിരിക്കുന്നത് കുമ്പനാട് ബ്രദറൺ സഭയെന്നത് ഒരു യാഥാർത്ഥ്യം. ചില സ്ഥാനമോഹികളുടെയും ആത്മീയ വീക്ഷണം നഷ്ടപ്പെട്ടവരുടെയും വചനവിരുദ്ധ പ്രവൃത്തികൾ സകലബ്രദറുകാർക്കും നാണക്കേടുണ്ടാക്കുന്ന വിധത്തിലേക്ക് കൂപ്പുകുത്തുകയാണ്. ആത്മീയർ പ്രാർത്ഥിക്കുന്നു. അനാത്മീയർ പ്രവർത്തിക്കുന്നു. സംഭവിക്കുന്നതോ ദൈവനാമത്തിനപമാനവും.

ബ്രദറൺ സഭ, നോയൽ ഗസ്റ്റ് ഹൗസ്,ബഥനി ബൈബിൾ സ്കൂൾ, സ്റ്റിവാർഡിന്റെ കേരള ഘടകത്തിന്റെ ഓഫീസ്, കെ.ഇ.എം ഫണ്ട് ഓഫീസ്, ഇംഗ്ളീഷ് മീഡിയം സ്കൂൾ എന്നിവയാണ് കുമ്പനാട്ടുള്ളത്. ഇതു കൂടാതെ ബ്രദറുകാർക്ക് ഒരു കേന്ദ്രമുണ്ടാക്കുവാൻ ശ്രമം നടന്നതും ബ്രദറുകാരുടെ നാവായി ഒരു മാസിക പുറത്തിറക്കിയതും വായനക്കാർ മറന്നു കാണുകയില്ല. ഇവ രണ്ടും കല്ലിൻമേൽ കല്ല്ശേഷിക്കാതെ തകർന്നുതരിപ്പണമായത് ഒരു ചരിത്രസത്യം മാത്രം. മേൽപ്പറഞ്ഞവ എല്ലാം ബ്രദറൺ സംഘടനകൾ, എല്ലാവരും ബ്രദറൺകാർ. ഒരപ്പത്തിന്റെ അംശികൾ. ഗ്രീക്കും എബ്രായയും കലക്കി കുടിച്ചവർ. ഇത്രയും സംഘടനകൾ ഒരുമിച്ചുള്ള ഒരു സ്ഥലവും ലോക ബ്രദറുകാരുടെയിടയിൽത്തന്നെ ഉണ്ടാകയില്ല. സംഘടനകൾ നല്ലതുതന്നെ.പക്ഷേ പ്രാദേശിക സഭയ്ക്കു ദോഷം വരുത്തുന്ന സംഘടനകളാണെങ്കിൽ തകർക്കുകതന്നെവേണം.

ഒരു നൂററാണ്ടിനുമേൽ പഴക്കവും കേരളത്തിലെ വലിയ സഭകളിൽ ഒന്നുമായ കുമ്പനാട് ബ്രദറൺ സഭ കഴിഞ്ഞ നാളുകളേക്കാൾ ഏററവും വേദനാജനകമായ അവസ്ഥയിലൂടെ കടന്നുപോകുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ആർ.എസ്.എസ് കാരുടെയോ മററു വർഗ്ഗീയ ശക്തികളുടെയോ എതിർപ്പുകൾ മൂലമല്ലായെന്നത് ചിന്തനീയം. പിന്നെയോ ബ്രദറുകാരായവർ തന്നെയാണ് പീഡിപ്പിക്കുന്നവർ. പഞ്ചായത്തു മുതൽ മുഖ്യമന്ത്രിക്കുവരെ പരാതികൾ പോയതായാണ് പുറമെയുള്ള സംസാരം.

ഇവിടെ നടക്കുന്ന പ്രശ്നങ്ങളുടെ കാരണങ്ങൾ എന്താണെന്നു കുമ്പനാട് ബ്രദറൺ സഭയുടെ യുവജനവിഭാഗവുംമൂപ്പൻമാരുടെ അറിവോടെയാണ് ഇവർ എഴുതുന്നത് എന്നു ഞങ്ങൾ കരുതുന്നു സ്കൂളിന്റെയും, കൺവെൻഷൻ കമ്മററിയുടെയുംവരമൊഴിയിലൂടെ വിശദമാക്കിയതിനാൽ ഞങ്ങൾ ആവർത്തിക്കുന്നില്ല. ആരോപണപ്രത്യാരോപണങ്ങൾ സോഷ്യൽ മീഡിയായികളിലും എത്തി എന്നതാണ് ഞങ്ങൾ പ്രതികരിക്കാൻ കാരണമായത്.

➲2



ബ്രദറൺ സ്കൂളിന്റെ സ്ഥലത്തിന്റെ ചില അടി മണ്ണ് കുമ്പനാട് ബ്രദറൺ സഭക്കാർ അവിടെ പണിയുന്ന മെസ്ഹാളിനുവേണ്ടി അനുമതിയില്ലാതെ എടുത്തുവെന്നതാണ് പ്രധാന കാരണം. അങ്ങനെ അനുമതിയില്ലാതെ കുമ്പനാട് സഭ എടുത്തിട്ടുണ്ടെങ്കിൽ അത് തികച്ചും തെററാണ്. അതുമുഖാന്തരം സ്കൂളിന്റെ പ്രവർത്തനത്തിനു പ്രായോഗികമായ ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ടെങ്കിൽ അതിനു പരിഹാരം കാണുവാൻ സഭ തയ്യാറാകണം. അല്ല പറയത്തക്കതായ പ്രായോഗിക ബുദ്ധിമുട്ട് ഈ വിഷയത്തിൽ ഇല്ലെങ്കിൽ മറുപക്ഷം ദൈവസ്നേഹത്തിൽ പ്രശ്നങ്ങൾ വഷളാക്കാതെ ശ്രമിക്കണമായിരുന്നു.നിങ്ങൾ ഒരേ സഭക്കാർ, പരിചയക്കാർ, ഒരു ഉപദേശക്കാർ, പിന്നെന്തിന് പ്രശ്നമുണ്ടാക്കുന്നുവെന്നാണ് പരാതി പരിഹരിക്കാനെത്തിയ അവിശ്വാസികളായ അധികാരികൾ നമ്മുടെ സഹോദരൻമാരോട് ചോദിച്ചത്. നാം ലജ്ജിച്ചു തലതാഴ്ത്തുക.

ഇതിനിടയിൽ കുമ്പനാട് കൺവെൻഷൻ കമ്മററിയും സഭയ്ക്കെതിരായി ചരടുവലി തുടങ്ങി. അതിന്റെ പരിണതഫലമോ കുമ്പനാടു സഭ 2013 കൺവെൻഷനിൽ നിർജ്ജീവമായിരുന്നു. ഞായറാഴ്ച നിരവധി വിശ്വാസികൾ പത്തനംതിട്ട കൺവെൻഷനിൽ പങ്കെടുത്തുവെന്നാണ് വിശ്വസനീയ റിപ്പോർട്ട്. പ്രാദേശിക സഭയുടെമേലുള്ള കമ്മററിക്കാരുടെ കടന്നുകയററം എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം.കുമ്പനാടു സഭയും കൺവെൻഷൻ കമ്മററിയും,സ്കൂളിന്റെ അധികാരികളും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പരിഹരിക്കാതെ കൺവെൻഷനിൽ പ്രസംഗിക്കയില്ലായെന്നുവരെ പ്രസംഗകൻമാർ രേഖാമൂലം കമ്മററിക്കു എഴുതിക്കൊടുത്തു.പക്ഷേ നിങ്ങൾ വന്നില്ലെങ്കിൽ ഞങ്ങൾ വേറെ പ്രസംഗകരെ വിളിക്കും എന്ന് കൺവെൻഷൻ കമ്മററിക്കാർ പറഞ്ഞപ്പോൾ നമ്മുടെ പ്രസംഗപടുക്കൾ തീരുമാനത്തിൽ നിന്നു പിൻമാറുകയും പ്രസംഗിക്കുകയും ചെയ്തു. ഇതിനു പിമ്പിലുള്ള ചേതോവികാരം കുമ്പനാട്ടെ സ്റേറജ് നഷ്ടപ്പെട്ടുപോകുമെന്നതിനാൽതന്നെ. പ്രശ്നപരിഹാരത്തിനായി വന്ന പ്രസംഗകൻമാരോട് ഇരുകൂട്ടരും ഒരുമിച്ചിരുന്നു ഒന്ന് പ്രാർത്ഥിച്ചിട്ട് കൺവെൻഷൻ നടത്താം എന്നു ഒരു പ്രായമുള്ള പിതാവ് പ്രസംഗകരോടു അഭ്യർത്ഥിച്ചപ്പോൾ അതിനു ഇപ്പോൾ സമയമായിട്ടില്ല സഹോദരൻമാരെ എന്നു പറഞ്ഞതായാണ് അറിവ്. ഇങ്ങനെയാണോ നമ്മുടെ ഉപദേഷ്ടാക്കൻമാർ ചെയ്യേണ്ടത്. ഇരുകൂട്ടരുമായുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സന്തോഷത്തോടും ഏകമനസ്സോടും ഏവരെയും ഒരുമിച്ചണിനിരത്തി ദൈവവചനം പ്രഘോഷിച്ചിരുന്നുവെങ്കിൽ അപ്പം മുറിച്ചിരുന്നുവെങ്കിൽ ദൈവനാമം മഹത്വപ്പെടുമായിരുന്നു. നിസ്സാരമായ പ്രശ്നങ്ങളെ പർവ്വതീകരിച്ച് ബ്രദറുകാരുടെയിടയിലെ സൂപ്പർമാൻമാരാകുവാൻ ശ്രമിക്കുന്നവരെ പിൻതിരിപ്പിക്കുവാനോ പ്രോത്സാഹിപ്പിക്കാതിരിക്കുവാനോ ഈ പ്രസംഗകർ എന്തുകൊണ്ട് ശ്രമിച്ചില്ല. അതായത് ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം സ്റേറജ്, ഇതാണ് ഈ പ്രസംഗപടുക്കളുടെ മുദ്രാവാക്യം. ഇവരെ നിരപ്പിന്റെ ശുശ്രുഷകരായിട്ടല്ല ‘പിരിപ്പിന്റെ’ ശുശ്രൂഷകരായിട്ടാണ് കാണേണ്ടത്. (2013-ൽ പ്രസംഗിച്ചവരുടെ പേരുകൾ ഏവർക്കും അറിയാമെന്നതിനാൽ പേരുകൾ പരാമർശിക്കുന്നില്ല.)

കുമ്പനാട് സഭയുടെ സഹകരണമില്ലാതെ നടത്തുന്ന കൺവെൻഷനു എന്ത് പ്രസക്തിയാണുള്ളത്. 118 സ്ഥലം സഭകളിലെ പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ലാത്ത മൂപ്പൻമാരും ഉത്തരവാദിത്വപ്പെട്ടവരും വിശ്വാസികളും ചിന്തിക്കണം. കുമ്പനാടു നടക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാതെ കൺവെൻഷനിൽ സഹകരിക്കില്ലായെന്നു പറയുവാനുള്ള ആർജ്ജവം സ്ഥലം സഭകൾക്കും, പ്രസംഗിക്കില്ലായെന്നു പറയുവാനുള്ള നട്ടെല്ല് പ്രസംഗകർക്കുമുണ്ടാകണം.

➲3

പിന്നെ ആരു വിളിച്ചാലും കുറിപ്പടിയുമായി പ്രസംഗിക്കുവാൻ നടക്കുന്ന കുറേ അഭിനവ സ്പർജൻമാർ നമ്മുടെയിടയിൽ ഉണ്ട്, ഇവർ ഉള്ളിടത്തോളം ഇങ്ങനെയൊക്കെയേ നടക്കൂ. നടക്കുകയുള്ളു.മേൽപ്പറഞ്ഞ രീതിയിൽ ഒരു തീരുമാനമെടുക്കുമെങ്കിൽ കമ്മററിയുടെ ആവശ്യമെ ഉണ്ടാകയില്ല. പ്രാദേശിക സഭകളെ അവഗണിക്കുന്നവരെ ദൈവജനം തിരിച്ചറിയണം. കമ്മററിയല്ല വലുത് സഭയാണ്. ആത്മീയ പ്രവർത്തനങ്ങളിൽ ആത്മാവിന്റെ നടത്തിപ്പും ആലോചനയും ആണ് ഉണ്ടാകേണ്ടത്. അതല്ലാതെ ഗുണ്ടായിസവും താന്തോന്നിത്തരവും അല്ല. ആത്മിക ശുശ്രൂഷകൾ ചെയ്യുന്നവർ ആത്മീയരായിരിക്കണം. ഇങ്ങനെയുള്ളവരായിരിക്കണം നമ്മുടെ സഭകളിലും സംഘടനകളിലും ഉണ്ടാകേണ്ടത്. മണിപവറും മസിൽ പവറും കാണിക്കുവാനുള്ള സ്ഥലമല്ല ആത്മിക പ്രവർത്തനങ്ങളും സഭകളും. ഇതു തിരിച്ചറിയുവാനുള്ള സാമാന്യ വിവേകമെങ്കിലും ദൈവജനങ്ങൾക്കുണ്ടാകണം.

ദൈവസഭയ്ക്കു കീഴ്പ്പെടാത്ത ദൈവാത്മാവിന്റെ നടത്തിപ്പില്ലാത്ത ഏതു പ്രവൃത്തിചെയ്യുന്നവരായാലും ദൈവജനം ഇവരെ തിരിച്ചറിയണം. അതിനു ചങ്കൂററമുള്ള ഉപദേഷ്ടാക്കൻമാരും മൂപ്പൻമാരും ആനുകാലികങ്ങളും നമ്മുടെയിടയിൽ ഉണ്ടാകണം. നമ്മുടെ പത്രങ്ങൾ പത്രധർമ്മം പാലിക്കണം. സത്യത്തിനുവേണ്ടി,അനീതിക്കുവേണ്ടി,അനാത്മിയതയ്ക്ക് എതിരെ പ്രതികരിക്കുവാനുള്ള ചങ്കൂററം നമ്മുടെ പത്രങ്ങൾക്കുണ്ടാകട്ടെ. ശരിയെ ശരിയെന്നു പറയുവാനും തെററിനെ തെററ് എന്നു പറയുവാനും അനാത്മിയരെ അനാത്മിയൻ എന്നു പറയുവാനും നമുക്കു സാധിക്കണം. പണവും സ്വാധീനവും നോക്കിയല്ല സ്വഭാവവും ആത്മീയതയും നോക്കിയാണ് ആത്മീയ പ്രവർത്തനങ്ങളുടെ ചുക്കാൻ ഓരോരുത്തരെ ഏല്പിക്കേണ്ടത്. ഇതിനു വിപരീതമായി ചെയ്യുമ്പോഴാണ് അമാലേക്കുമാർ എഴുന്നേല്ക്കുന്നത്. ഇത്തര അമാലേക്കുമാരുമായുള്ള യുദ്ധത്തിൽ ജീവൻ ബലിയർപ്പിക്കേണ്ടിവന്നേക്കാം. കഷ്ടനഷ്ടങ്ങൾ സംഭവിച്ചേക്കാം. മോശയും, യോശുവയും,അഹരോനും ഹൂരും പിന്നെ തിരഞ്ഞെടുക്കപ്പെട്ട കുറേ ദൈവജനവും ഉണ്ടെങ്കിൽ വിജയം സുനിശ്ചിതം.

പ്രിയ ദൈവജനമേ, നിങ്ങൾ ചിന്തിക്കുക. കുമ്പനാടു നടക്കുന്ന കേസുകളും വഴക്കുകളും ആർക്കുവേണ്ടി. സംഘടനയാണോ അതോ സഭയാണോ നമുക്കു വേണ്ടത്. സംഘടന വചനപ്രകാരമാണെങ്കിൽ പ്രവർത്തിക്കട്ടെ. പക്ഷേ സഭയെ വിഴുങ്ങുവാൻ വരുന്ന അരുണോദയപുത്രൻമാരെ തിരുവചനമാകുന്ന വാളുകൊണ്ട് വെട്ടി താഴെയിടുകയും അവ പൊങ്ങിവരാതിരിക്കുവാനായി പ്രാർത്ഥനയാകുന്ന ശക്തികൊണ്ട് നേരിടുകയും ചെയ്യണം. അതിനു നട്ടെല്ലുവളയാത്ത പ്രസംഗകരും ഉപദേഷ്ടാക്കൻമാരും നമുക്കുണ്ടാകണം.

ആരോപണപ്രത്യാരോപണങ്ങൾ ഒഴിവാക്കി കുമ്പനാട്ടെ പ്രശ്നം എത്രയും വേഗം പരിഹരിച്ച് സഭയ്ക്കു ശാന്തതയും അവിടെയുള്ള മററുപ്രവർത്തനങ്ങൾക്കു അനുഗ്രഹങ്ങളും ഉണ്ടാകട്ടെ. കേസുകളും മററും പിൻവലിക്കുക. സഭയിൽ നിന്ന് എന്തെങ്കിലും വിധ ബുദ്ധിമുട്ടുകൾ അവിടെയുള്ള സ്കൂൾ തുടങ്ങിയവയ്ക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ സഭ എത്രയും വേഗം പരിഹാരം വരുത്തുക.

കെ.ഇ.എം.ഫണ്ടു സെക്രട്ടറിയും,സ്റ്റിവാർഡിന്റെ കേരളാഘടകവും, സ്കൂൾ അധികാരികളും,സഭാ മൂപ്പൻമാരും ഒരു മേശയ്ക്ക് ചുററുമിരുന്ന് ദൈവസ്നേഹത്തിൽ സ്വയത്തെവെടിഞ്ഞ് പരസ്പരം പ്രശ്നം പരിഹരിക്കട്ടെ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു. അതിനുള്ള കാഴ്ചപ്പാടും കൃപയും ഇവർക്കെല്ലാവർക്കും ഉണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹാപ്പിവോയ്സിന്റെ എല്ലാവായനക്കാരും ഈ വിഷയത്തിനായി പ്രാർത്ഥിക്കുക. ദൈവം ഏവരെയും സഹായിക്കട്ടെ.

**(Simon Payyanur)**



# ഓപ്പറേഷൻ ബർ(ന്ന)ബാസും മെഡിക്കൽ ഇൻഷൂറൻസും...

ബാംഗ്ളൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഓപ്പറേഷൻ ബർ(ന്ന)ബാസ് ഇന്ത്യയിലെ സുവിശേഷകൻമാരുടെ ആരോഗ്യമന്ത്രിയാകുകയാണ്. ബർ(ന്ന)ബാസിന്റെ ഓപ്പറേഷന്റെ തുടക്കം സുവിശേഷകൻമാരുടെ ഫോട്ടോയും മററും മാസികയിൽ അച്ചടിച്ചു കൊണ്ടായിരുന്നു. അതിനുശേഷം സഭാഹാൾ ബർന്നബാസിന്റെ പേരിൽ രജിസ്ട്രർ ചെയ്യുവാൻ തുടങ്ങി .ഇപ്പോൾ ഏകദേശം 50 നുമുകളിൽ സഭാഹാളുകളാണ് ബർ(ന്ന)ബാസിന്റെ പേരിലുള്ളത്. ഒരുതരം റിയൽ എസ്റേററ് ബിസിനസ്. ഇപ്പോഴിതാ മൂന്നാമത്തെ ഓപ്പറേഷൻ ലോഞ്ച് ചെയ്തിരിക്കുന്നു. സകല ഉപദേശിമാർക്കും മെഡിക്കൽ ഇൻഷൂറൻസ്. ഇതു നടപ്പായാൽ നമ്മുടെ സകല ഉപദേശിമാരും ധന്യരായി. ഇനി ഉപദേശിമാർ രോഗംവരുവാനായി പ്രാർത്ഥിക്കുക.

സുവിശേഷകൻമാർ മെഡിക്കൽ ഇൻഷൂറൻസ് എടുക്കുന്നതു വലിയ പാപമായിട്ടൊന്നും ഞങ്ങൾക്കഭിപ്രായമില്ല. അവരവർ താമസിക്കുന്ന സ്ഥലത്തുതന്നെ നിരവധി ഇൻഷൂറൻസു കമ്പനികളുണ്ട്. വേണ്ടവർക്കു അതിൽ ചേർന്നാൽ മതിയല്ലോ. അതല്ലാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഉള്ള സുവിശേഷകൻമാർ ബാഗ്ളൂർ വഴി ഇൻഷൂറൻസ് എടുക്കണമോ എന്നതാണ് ചിന്തനീയം. ഇതിൽ ഓപ്പറേഷൻകാർക്കുള്ള വഴി വിദേശത്തുനിന്നാണ് എന്നത് തർക്ക രഹിതമായ കാര്യമാണ്. നെയ്യപ്പം കൊണ്ട് ഗുണം രണ്ട്. വിശപ്പടക്കാം. മെയ് മിനുക്കാം. ഇതാണ് ബർ(ന്ന)ബാസിന്റെ "ഇൻഷൂറൻസ് ഓപ്പറാണ്ടി".

പ്രാദേശികഭാഷക്കാരായ സുവിശേഷകൻമാർ പെട്ടെന്നുതന്നെ മറിയുമെന്നു ബർ(ന്ന)ബാസിനറിയാം. മലയാളികളായ, വചനപരിജ്ഞാനമുള്ള അല്പം ചിന്തിക്കുവാൻ കഴിവുള്ള ഒരു സുവിശേഷകനും ഈ ഓപ്പറേഷനിൽ പങ്കാളികളാകയില്ല എന്നുതന്നെയാണ് കരുതുന്നത്. പിന്നെ വലിയ മുടക്കൊന്നുമില്ലല്ലോ എന്നു വിചാരിച്ച് ചേരുന്ന സുവിശേഷകൻമാരും കാണാതിരിക്കില്ല.

ഓപ്പറേഷൻ ബർ(ന്ന)ബാസിന്റെ ഡയറക്ടറെ വിദേശത്തുള്ള സഭ സുവിശേഷവേലയ്ക്കായിട്ടാണ് കമന്റ് ചെയ്തിരിക്കുന്നത് എന്നാണ് എന്റെ അറിവ്. ഇദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന സുവിശേഷവേല ഏതുവചനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്റെ അറിവ് ശരിയാണെങ്കിൽ എഫ്.സി.ആർ എ ഉള്ള ഇന്ത്യയിലെ ഏക സുവിശേഷകനാണിദ്ദേഹം.

പണമുണ്ടെങ്കിൽ ഏതു വ്യക്തികൾക്കും നേതാവാകാനുള്ള ഒരു പറുദീസയാണ് ബ്രദറൺ ഗോളം. പണമുള്ളവനു ബ്രദറൺ ഗ്രീൻ ചാനലിൽ കൂടെ പോക്കുവരവു നടത്താം. കൂടെ നില്ക്കാൻ കുറേ കുട്ടി നേതാക്കൻമാരും. പണംകൊണ്ട് കൊടുക്കൽ വാങ്ങൽ നടത്തുന്നവർ.

തിരുവചനത്തിലെ ബർ(ന്ന)ബാസ് പ്രോത്സാഹനത്തിന്റെ പ്രതീകമാണ്. എന്നാൽ ബാംഗ്ളൂരിലെ ബർ(ന്ന)ബാസ് മുഖപക്ഷത്തിന്റെയും അഹങ്കാരത്തിന്റെയും പ്രതീകമാണ്. വായിക്കുന്നവൻ ചിന്തിച്ചു കൊള്ളുക.

**(സൈമൺ പയ്യന്നൂർ)**

# ദുരുപദേശം അതീവ ഗുരുതരം

P.P.SIMON-THRISSUR

**സത്യ ഉപദേശം ഒന്നുമാത്രം.**

ഇന്നു നമുക്കു ചുററും അനവധി നല്ല ഉപദേശങ്ങൾ നാം കേൾക്കുന്നുണ്ട്. എന്നാൽ അതെല്ലാം സത്യ ഉപദേശങ്ങളാണോ. നല്ല ഉപദേശങ്ങൾ തരുവാൻ പലർക്കും സാധിക്കും. എന്നാൽ സത്യ ഉപദേശങ്ങൾ തരുവാൻ കഴിവുള്ള ഒരേ ഒരു വ്യക്തി മാത്രമെ ഭൂമിയിൽ ജൻമം എടുത്തിട്ടുള്ളു. അതാരാണെന്നു നാം അറിഞ്ഞിരിക്കണം.

നീതിമാൻ ആരുമില്ല ഒരുത്തൻപോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല. ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെററി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. റോമ 3:10-12). നീതിമാൻ ആരുമില്ലെന്നു ബൈബിൾ പറയുന്നു. ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴി തെററിയവരാണ്. സ്ത്രീപുരുഷ ബന്ധത്താൽ മനുഷ്യരായി പിറന്നവരെല്ലാം വഴി തെററി കൊള്ളരുതാത്തവരായി തീർന്നുവെന്നാണ് ദൈവവചനം. പിറന്നു വീഴുന്നവരുടെ തെററുകൊണ്ടല്ല അവർ വഴി തെററിയവരായത്. മനുഷ്യന്റെ ആദിമമതാപിതാക്കളുടെ അനുസരണക്കേടിന്റെ ഫലമായാണ് മനുഷ്യർ വഴിതെററിപ്പോയത്. സത്യ ഉപദേശങ്ങളാണ് ഏദൻതോട്ടത്തിൽവെച്ച് ദൈവം അവർക്കു കൊടുത്തത്. എന്നാൽ അവർ അതു അനുസരിച്ചില്ല. അതുകൊണ്ടുതന്നെ സത്യ ഉപദേശം കൊടുപ്പാൻ മനുഷ്യർക്കു ആർക്കും സാദ്ധ്യമല്ല. സത്യ ഉപദേശം കൊടുപ്പാൻ ദൈവത്തിനു മാത്രമെ കഴികയുള്ളു. ഇന്നു സത്യ ഉപദേശം എന്ന രൂപേണ ഇതാണ് ദൈവം, അതാണ് ദൈവം എന്നും എല്ലാ ദൈവങ്ങളും ഒന്നാണെന്നു പറയുന്നത് സത്യ ദൈവവചന വിരുദ്ധമാണ്. അസത്യ ദൈവങ്ങളുടെ പിന്നാലെ പോയാൽ നമുക്കു ഒരു ഗുണവും ലഭിക്കയില്ല. ഇവിടെയാണ് സത്യ ദൈവത്തെ കണ്ടെത്തേണ്ട ആവശ്യം വരുന്നത്. സത്യദൈവത്തിനു ദൈവം തന്നെ വെളിപ്പെടുത്തിത്തന്നിട്ടുള്ള ഒരു നാമം ഉണ്ട്. ആ ദൈവത്തെ സ്വന്തമാക്കുവാനുള്ള മാർഗ്ഗവും ദൈവം പറഞ്ഞിട്ടുണ്ട്. ദൈവവചനമാകുന്ന ബൈബിളിലേക്കു കണ്ണോടിക്കാം.

1. ഞാൻ യഹോവ അതുതന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്വം മററൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കുകയില്ല. യെശയ്യ 42:8.
2. സകല ഭൂസീമാവാസികളുമായുള്ളോരേ എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവവുമില്ലല്ലോ. (യെശയ്യ 45:22).
3. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്. വിഗ്രഹങ്ങൾ ഉണ്ടാക്കരുത് .മീതെ സ്വർഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീഷ്ണതയുള്ള ദൈവമാകുന്നു. എന്നെ പകയ്ക്കുന്നവരിൽ പിതാക്കൻമാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെമേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു. ആവർത്തനം 5:7-10.

➲6



ഈ മൂന്നു ബൈബിൾ വാക്യങ്ങളിൽ നിന്ന് യഹോവയായ ദൈവത്തിനു മാത്രമെ മനുഷ്യനു രക്ഷ നൽകുവാൻ സാധിക്കയുള്ളുവെന്നും ഭൂമിയിലുള്ള എല്ലാ വർക്കും യഹോവ എന്ന നാമത്തിലറിയപ്പെടുന്ന ഏക ദൈവമാണുള്ളതെന്നും സ്പഷ്ടമാക്കുന്നു. ഈ ദൈവത്തെ അനുസരിച്ചു ജീവിച്ചാൽ ദൈവത്തിന്റെ ദയ അവർക്കും അവരുടെ മക്കൾക്കും ആയിരം തലമുറവരെയും ലഭിക്കുമെന്നു അല്ലാത്തവർക്കു അവരുടെ നാലാം തലമുറവരെയും ശിക്ഷയുണ്ടാകുമെന്നും വ്യക്തമാക്കുന്നു. മാത്രമല്ല വിഗ്രഹാരാധന ദൈവം ഏററവും അധികം വെറുക്കുന്ന ഒരു കാര്യമാണെന്നും വ്യക്തമാക്കുന്നു.

ഇനി ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാമെന്നും എങ്ങനെ ആരാധിക്കാമെന്നും നോക്കാം. വിവാഹനിശ്ചയം മാത്രം കഴിഞ്ഞിരുന്ന മറിയം എന്ന കന്യകയെ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ഒരു മകൻ ഉരുവായി. ദൈവവചനം ശ്രദ്ധിക്കുക. ദാവീദിന്റെ മകനായ യോസഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ ഇരിക്കകൊണ്ടു നീ അവനു യേശു എന്നു പേരിടേണം എന്നു പറഞ്ഞു. അവനെ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേർ വിളിക്കും. (മത്തായി 2:2). ഇങ്ങനെ ജനിച്ച മകനോടുകൂടെ ദൈവം വസിക്കുന്നു. യേശു ജനിച്ചത് സ്ത്രീപുരുഷ ബീജത്താലല്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ്. അതുകൊണ്ട് സത്യ ഉപദേശം നമുക്കു തരുവാൻ ദൈവം കൂടെ വസിക്കുന്ന യേശുവിനു മാത്രമെ കഴികയുള്ളു.

ഈ യേശുവിനെപററി ദൈവം മനുഷ്യരോടു പറഞ്ഞത് ശ്രദ്ധിക്കുക. യേശു തന്റെ ശിഷ്യൻമാരുമായി ഉയർന്ന ഒരു മലയിൽ ഇരിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു അരുളപ്പാടുണ്ടായി. പ്രകാശം ഉള്ള ഒരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നു ഇവനെന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. ഇവനു ചെവി കൊടുപ്പിൻ എന്ന ശബ്ദം ഉണ്ടായി. (മത്താ 17:5). സ്വർഗ്ഗത്തിലെ ദൈവം തന്റെ പ്രിയ പുത്രനായ യേശുവിന് ചെവികൊടുപ്പാനാണ് പറഞ്ഞിരിക്കുന്നത്. ഇതാണ് ദൈവം പ്രസാദിക്കുന്ന വിഷയം. അതുകൊണ്ട് ദൈവം മനുഷ്യനിൽ പ്രസാദിക്കണമെങ്കിൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധവെച്ച് അനുസരിച്ച് ദൈവത്തെ യേശുക്രിസ്തുവിൽ കൂടി മാത്രം ആരാധിക്കണമെന്നു വെളിപ്പെടുത്തിയിരിക്കുന്നു. ഇതാണ് സത്യ ഉപദേശ ആരാധന. മററെല്ലാം ദൈവീക ആരാധനയെന്നപേരിൽ അറിയപ്പെടുന്നതിലൊന്നും സത്യ ദൈവം പ്രസാദിക്കുന്നില്ല. നിങ്ങളുടെ പണവും സമയവും വൃഥവിലാകരുതല്ലോ. ദൈവവചനം വീണ്ടും പറയുന്നു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദെദവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. അവനിൽ വിശ്വസിക്കുന്നവർക്ക് ന്യായവിധിയില്ല. വിശ്വസിക്കാത്തവർക്ക് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു.(യോഹ 3:17-18). നിത്യജീവൻ എന്നത് ഓരോ മനുഷ്യനും ഈ ലോകത്തിൽ നിന്നും മരണം മൂലം വേർപെടുമ്പോൾ അവന്റെ ആത്മാവ് നശിച്ചുപോകുന്നില്ലെന്നു കാണിക്കുന്നു.

➲12

# മടങ്ങി വന്ന ധീരപോരാളിക്ക് അനുമോദനങ്ങൾ

Thomas Mathai-Anicadu

എട്ടു വർഷത്തെ ഇടവേളയ്ക്കുശേഷം,മടങ്ങി ബ്രദറൺ പ്രസ്ഥാനത്തിലേക്കും, ബ്രദറൺ ആത്മിയ സമൂഹത്തിലേക്കും മടങ്ങി വന്ന ബ്രദർ. ദേവിന് അനുമോദനങ്ങൾ.

കൂടുവിട്ടലയുന്ന പക്ഷിയും നാടുവിട്ടുഴലുന്ന മനുഷ്യനും ഒരുപോലെ. സദൃ 27:8.. അലയുന്ന ഉഴലുന്ന അവസ്ഥയിൽ നിന്നും ഒരു സുരക്ഷിതത്വം ലഭിച്ചതിൽ അനേകരും സന്തോഷിക്കുന്നു എന്നതിനു സംശയമില്ല.

ബ്രദറൺ സമൂഹത്തെയും ഉപദേശ സംഹിതകളെയും തള്ളിപ്പറഞ്ഞ് പെന്തക്കോസ്തിൽ ആത്മ നിവൃതി കണ്ടെത്തിയത് അബദ്ധം പിണഞ്ഞതാണെന്ന് ലോകം അറിയട്ടെ. ഉൾപ്പൂവുകളെ ശോധനചെയ്യുന്നവന്റെ മുമ്പാകെ സകലതും നഗ്നവും മലർന്നതുമായി കിടക്കുന്നു.

2006-ലെ ദേവിന്റെ പെന്തക്കോസത് പ്രവേശനത്തെ വിപുലമായി ആഘോഷിച്ച്, ബ്രദറൺ സമൂഹത്തെ വിവിധ നിലകളിൽ തേജോവധം ചെയ്ത് നിർമ്മൂലമാക്കുവാൻ ശ്രമിച്ച പെന്തക്കോസ്ത് നേതാക്കൻമാരും മാധ്യമങ്ങളും തുടർന്നും അവരുടെ വചന വിരുദ്ധമായ ചിന്താഗതി ആളിക്കത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു. പക്ഷേ ആയുധമാക്കുവാൻ ദേവ് ഇല്ലായെന്നു മാത്രം... ഭാവിയിലും മനുഷ്യരുടെ ആയുധമാക്കാതിരിക്കട്ടെ.

ബ്രദറൺ സമൂഹത്തിന്റെ അടിത്തറ ഇളക്കുവാൻ ദേവ് എഴുതി കൂട്ടിയ കാര്യങ്ങൾകൊണ്ട് വൻ മരങ്ങൾ ഒന്നും കടപുഴകിയില്ല എന്നുള്ളത് ബ്രദറുകാരുടെ അടിസ്ഥാനത്തിന്റെ ഉറപ്പുകൊണ്ടുമാത്രമാണ്. എങ്കിലും എഴുതി പ്രചരിപ്പിച്ച കാര്യങ്ങൾ ചരിത്രത്തിൽ നിന്നും മായിച്ചു കളയുവാൻ മറെറാരു പ്രായശ്ചിത്ത രചന ഉണ്ടാകുന്നുവെങ്കിൽ അതും ഏററവും പ്രശംസനീയമായിരിക്കും. പെന്തക്കോസതിലേക്കു പോയ ബ്രദർ. എഴുതിയ ചില ലേഖനങ്ങൾ ശ്രദ്ധിക്കുക.

**ഗുഡ്ന്യൂസ്- (2006-ഫെബ്രുവരി)**

ബ്രദറൺകാർ പൊതുവെ കൃപാവരങ്ങളോട് നിഷേധാത്മക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രത്യേകിച്ചും അന്യഭാഷ,പ്രവചനം,പ്രവചനങ്ങളുടെ വ്യാഖ്യാനം,ദർശനം എന്നീ കൃപാവരങ്ങൾ(1860-ൽ അരുളപ്പന്റെ സഭയിൽ അനുഭവപ്പെട്ടത്). കൃപാവരങ്ങളോട് ബ്രദറൺകാർ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതുകൊണ്ടായിരിക്കണം അമേരിക്കയിലെ റെറാപ്പേക്കയിലെ ചാൾസ് പർഹാമിന്റെ ബേഥേൽ ബൈബിൾ കോളേജിൽ 1901- ജനുവരി ഒന്നാം തീയതി ആഗ്നസ് ഓസ്മാൻ അന്യഭാഷയിൽ സംസാരിച്ചത്.

ബ്രദറൺ സമൂഹം 1830-ലെയും 1860-ലെയും പ്രബോധനങ്ങളും അനുഭവങ്ങളും പ്രഘോഷിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ, പെന്തക്കോസ്ത് പ്രസ്ഥാനമോ പിന്നീട് വന്ന കരിസ്മാററിക് പ്രസ്ഥാനമോ രൂപം കൊള്ളുകയില്ലായിരുന്നു. ഇവ രണ്ടിനേയും ഉൾക്കൊള്ളുവാൻ ബ്രദറൺ സമൂഹത്തിന് സാധിക്കുമായിരുന്നു.

ഇപ്രകാരമുള്ള പ്രസ്താവനകളുടെ അബദ്ധത മനസ്സിലാക്കി,വചന സത്യത്തെ മുറുകെപിടിച്ച് വരും നാളുകളിൽ ധീരമായി ➔8



നിലനില്ക്കുവാൻ ദേവിന് കഴിയട്ടെ എന്നാശംസിക്കുന്നു.

**ഹാലേലുയ്യ (2006 എപ്രിൽ 15).**

ഈ മാസികയിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ ഉള്ളിന്റെ ഉള്ളിൽ ഉണ്ടായിരുന്ന അനേക കാര്യങ്ങൾ വെളിപ്പെടുത്തിയതിന്റെ ഏതാനും ചിലത് താഴെ എഴുതട്ടെ. ... 1970 ജൂലൈ നാലിന് സ്നാനമേററ് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു...1974 അവസാനം ഞാൻ പെന്തക്കോസ്ത് വിട്ടു... പെന്തക്കോസ്തു വേദികളിലെ പ്രസംഗകനായിരുന്ന എന്നെ ഒരു നേതാവ് പലനിലകളിൽ ബുദ്ധിമുട്ടിലാക്കി. വേദികൾ മുടക്കി,ശുശ്രൂഷകളെ തടസ്സപ്പെടുത്തി..ബ്രദറൺകാർ ബൈബിൾ ക്ളാസ്സുകൾക്കായി ക്ഷണിച്ചു. അവർതന്ന പ്രോത്സാഹനവും സഹകരണവുമാണ് ബ്രദറൺ സഭയിലെത്താൻ മുഖാന്തരമായത്.ബ്രദറൺ സഭയിലെ പെന്തകോസ്തുക്കാരനായിരുന്നു ഞാൻ... ഒരു പെന്തക്കോസ്തു വാരികയിലൂടെ അന്യഭാഷയെ അനുകൂലിച്ച് ചില ലക്കങ്ങളിൽ എഴുതി... ഈ കാലത്തെല്ലാം എന്നെ സ്നേഹിക്കുന്നവർ പെന്തക്കോ സ്തിലേക്കു വരുവാൻ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. എന്റെ ഉള്ളിന്റെയുള്ളിലും മടങ്ങിവരവിനായി ഒരു വാഞ്ചയുണ്ടായിരുന്നു. എന്റെ ഭാര്യ ജോയ്സും ആ കാര്യത്തിൽ ബദ്ധപ്പെട്ടിരുന്നു. ബ്രദറൺ സഭയിൽ ചേരുവാൻ വന്ന അനേകരെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്.... 1974-2006 കാലഘട്ടത്തിൽ ഞാൻ ബ്രദറൺ സമൂഹത്തിലായിരുന്നപ്പോൾ എന്റെ ലേഖനങ്ങളിലോ ശുശ്രൂഷകളിലോ പ്രസംഗങ്ങളിലോ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളെ നിഷേധിക്കുകയോ അവഗണിക്കുകയോ വിമർശിക്കുകയോ ചെയ്യുന്ന പരാമർശങ്ങൾ വന്നുപോയതിൽ ഞാൻ ആത്മാർത്ഥമായി ഖേദിക്കുന്നു. അക്കാരണത്താൽ പെന്തക്കോസ്തു പ്രസ്ഥാനത്തിനുണ്ടായ അപമാനത്തിനും ഇടർച്ചയിലും ഞാൻ ഖേദിക്കുന്നു. എല്ലാ പെന്തക്കോസ്തു വിഭാഗങ്ങളോടും കത്തൃനാമത്തിൽ ഞാൻ മാപ്പുചോദിക്കയും ചെയ്യുന്നു. പരിശുദ്ധാത്മയുഗം എന്ന പുസ്തകം എന്റെ തീവ്രമായ ആഗ്രഹവും സ്വപ്നവുമാണ്.പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെക്കുറിച്ചുള്ള സംശയങ്ങൾ ദൂരുകരിക്കപ്പെടണം. പരിശുദ്ധാത്മ പ്രവൃത്തികളെയും കൃപാവരങ്ങളെയും തടഞ്ഞു നിർത്തുന്ന ബ്രദറൺ സമൂഹം ഇന്ന് പ്രതിസന്ധിയിലാണ്.. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെയും കൃപാവരങ്ങളുടെയും ഉപയോഗത്തെ എതിർത്തു എത്രനാൾ ഈ പ്രസ്ഥാനത്തിന് മുമ്പോട്ടുപോകുവാൻ കഴിയും.

ലോകമുള്ള കാലത്തോളം ബ്രദറൺ സമൂഹത്തിനും വചനത്തെ സ്നേഹിക്കുന്നവർക്കും മറക്കുവാൻ കഴിയാത്ത സത്യസന്ധമായി പറഞ്ഞ പ്രസ്താവനകൾ പുതിയഹൃദയത്തിന്റെ ഉള്ളിന്റെയുള്ളിൽ നിന്നും വീണ്ടും ആത്മാർത്ഥമായി അനുതപിച്ച് മടങ്ങിവന്ന് സുതാര്യമായി സ്ഥിരതയോടെ നിലനില്ക്കുവാൻ ദൈവം സഹായിക്കട്ടെ. ശരിയായ വഴിയിൽ നടത്തട്ടെ.

**ഹാലേലുയ്യ 2010 ഒക്ടോബർ 15.**

ബ്രദറൺ സഭയെപ്പോലെ കടുത്ത ദുരുപദേശമുള്ള ഒരു ഗ്രൂപ്പ്...ബ്രദറുകാരുടെ ദുരുപദേശം എന്തെന്നറിയാത്ത പെന്തക്കോസ്തു നേതാക്കൻമാർ ജെ.സി.ദേവ് സാറിനെ വിളിച്ച് ഒരു ക്ളാസ്സ് എടുപ്പിച്ചാൽ മതി. കുറെക്കാലം അവരുടെ കൂടെ ജീവിച്ച് മടങ്ങി വന്ന അദ്ദേഹത്തിന് അതു പറഞ്ഞു തരുവാൻ സാധിക്കും...ബ്രദറുകാർക്ക് ഒരു പ്രസ്ഥാനമുണ്ടോ, പാസ്റ്ററുണ്ടോ, ബിഷപ്പുണ്ടോ...കുറഞ്ഞ പക്ഷം ആത്മാവെങ്കിലും ഉണ്ടോ.

ഈ കാര്യങ്ങൾക്കെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ വരും നാളുകളിൽ മറുപടി എഴുതുവാൻ ദേവിനിടയാകട്ടെ എന്നാശംസിക്കുന്നു. ദൈവം ദേവിനെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

# ഇടിഞ്ഞുകിടക്കുന്ന യാഗപീഠങ്ങൾ

JESSY BENSON

യാഗം അർപ്പിക്കുന്ന ഇടമാണല്ലോ യാഗപീഠം. ഒരു യാഗപീഠം ഇടിഞ്ഞു കിടക്കുന്നുവെന്നു പറഞ്ഞാൽ, ദീർഘനാളുകളായി അത് ഉപയോഗിക്കാതിരിക്കുന്നുവെന്നതാണ് നാം മനസ്സിലാക്കേണ്ടത്. എന്നാൽ ഒരു യാഗപീഠം ഇടിച്ചു കളയുന്നത്, ഇനി അത് ആവശ്യമില്ലെന്നും തുടർന്ന് യാഗങ്ങളൊന്നും അർപ്പിക്കുവാൻ ഉദ്ദേശമില്ലെന്നുമാണ് അർത്ഥമാക്കുന്നത്.

ഏലിയാവു, ഇടിഞ്ഞുകിടന്ന യഹോവയുടെ യാഗപീഠം നന്നാക്കിയെന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഏറെ നാളുകളായി അവിടെ യാഗാർപ്പണം നടന്നിരുന്നില്ലെന്നു തെളിയുന്നു.(1 രാജാ 18:30). യിസ്രായേൽ മക്കൾ ദൈവത്തിന്റെ നിയമത്തെ ഉപേക്ഷിച്ച് യാഗപീഠത്തെ ഇടിച്ചുവെന്ന് ഏലിയാവു ആവർത്തിച്ച് പറയുന്നതായും നാം വായിക്കുന്നുണ്ട്.(1 രാജാ 19:10,14) യിസ്രായേൽ ജനത്തിന് ദൈവകല്പനപ്രകാരമുള്ള യാഗം അർപ്പിക്കുന്നതിനുള്ള താത്പര്യംപോലും ഇല്ലായിരുന്നു എന്നതിനാലാണ് അവർ യാഗപീഠങ്ങൾ ഇടിച്ചു നിരത്തിയത്.

പാപത്തിനു പ്രായശ്ചിത്തമായിട്ടോ ലഭിച്ചനൻമകൾക്കും അനുഗ്രഹങ്ങൾക്കുമായിട്ടുള്ള നന്ദിസൂചകമായ ആരാധനയായിട്ടോ ആയിരുന്നു ന്യായപ്രമാണകാലത്തും അതിനു മുൻപും യാഗങ്ങൾ അർപ്പിച്ചുപോന്നത്. ദാവീദ്, തന്റെ കുററം നിമിത്തം,ദൈവം അയച്ച ബാധ ജനത്തെ വിട്ടുമാറേണ്ടതിനായിട്ടാണ് അരവ്നയുടെ കളത്തിൽ യാഗപീഠം പണിയുകയും യാഗം അർപ്പിക്കുകയും ചെയ്തത്.(2 ശമു 24:21). എന്നാൽ നോഹയും അബ്രഹാമും യിസഹാക്കുമൊക്കെ ആരാധനയായിട്ടാണ് യാഗപീഠം പണിത് യാഗം അർപ്പിച്ചത്. ഉദ്ദേശം എന്തുതന്നെയായിരുന്നാലും ദൈവത്തിന്റെ പ്രമാണങ്ങൾക്കു അനുസരിച്ചു തന്നെയായിരിക്കണം യാഗപീഠം പണിയേണ്ടതും യാഗം അർപ്പിക്കേണ്ടതും.

ഇന്നു സഭായുഗത്തിൽ,പാപപരിഹാരത്തിനായും പ്രായശ്ചിത്തത്തിനായും യാഗം അർപ്പിക്കപ്പെടുവാൻ ആവശ്യമില്ല. എന്നാൽ ബുദ്ധിയുള്ള ആരാധനയായി നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗവുമായി അർപ്പിപ്പാൻ ആവശ്യമുണ്ടു. മൃഗങ്ങളെ യാഗം അർപ്പിക്കുന്നതിനു പകരം സ്വന്തശരീരങ്ങളെ ജീവനുള്ള യാഗമായി അർപ്പിച്ചുകൊണ്ടുള്ള ആരാധനയാണത്. ജീവിതത്തെ ദൈവത്തിനു സമർപ്പിക്കുന്ന ആരാധനയാണത്.

ഈ യാഗം അർപ്പിക്കപ്പെടേണ്ടത് നമ്മുടെ മനസ്സാകുന്ന യാഗപീഠത്തിലാണ്. ഏലിയാവു ഇടിഞ്ഞു കിടന്ന യാഗപീഠം നന്നാക്കിയതുപോലെ മനസ്സു പുതുക്കി രൂപാന്തരപ്പെട്ടാണ് നാം ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായും ബുദ്ധിയുള്ള ആരാധനയായും നമ്മുടെ ശരീരങ്ങളെ അർപ്പിക്കേണ്ടത്. ഓരോ അവയവങ്ങളെയുമാണ് നീതിയുടെ ആയുധങ്ങളായി ദൈവത്തിനു അർപ്പിക്കേണ്ടത്.(റോമ 6:13,19).

ഇന്ന് ദൈവത്തിനു യാഗം അർപ്പിക്കുന്നതിനുള്ള മനസ്സ് നാം ഇടിച്ചു കളഞ്ഞിരിക്കയാണ്. നമ്മുടെ ജീവിതവും അവയവങ്ങളുമൊക്കെ മററു പലതിനായി സമർപ്പിക്കപ്പെട്ടിരിക്കയാൽ മനസ്സ് പുതുക്കപ്പെടുകയോ രൂപാന്തരപ്പെടുകയോ ജീവിതം സമർപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല. ➲10



ദൈവത്തിന്റെ നിയമത്തെ ഉപേക്ഷിച്ച് യാഗപീഠവും നാം ഇടിച്ചുകളഞ്ഞിരിക്കുന്നു. ജീവിത സമർപ്പണമെന്നോ ജീവനുള്ള ശരീരയാഗമെന്നോ കേൾക്കുവാൻപോലും താത്പര്യമില്ലാത്തവരായി നാം തീർന്നുപോയിരിക്കുന്നു. ദൈവത്തിനു തന്നെത്താൻ സമർപ്പിക്കുന്നതിനുള്ള മനസ്സൊരുക്കമാണ് ആദ്യം ഉണ്ടാകേണ്ടത്. മനസ്സുപുതുക്കി രൂപാന്തരപ്പെട്ടശേഷമാണ് ജീവിതം ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടത്. ഏലിയാവിനെപ്പോലെ,ഇടിഞ്ഞുകിടക്കുന്ന യാഗപീഠം പുതുക്കി പണിത് അതിൻമേൽ ജീവനുള്ള യാഗം അർപ്പിച്ചു ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്കും ഇടയാകട്ടെ. ദൈവനാമം മഹത്വപ്പെടട്ടെ.

# പാസ്റ്റർ: പോൾ യോഗിംചോ പിടിക്കപ്പെട്ടു

ലോകത്തിലെ ഏററവും വലിയ പെന്തക്കോസ്ത് സഭയായ സൗത്ത് കൊറിയയിലെ സീയോളിലുള്ള യോയിഡോ ഫുൾ ഗോസ്പൽ സഭയുടെ സ്ഥാപകനും അറിയപ്പെടുന്ന സഭാ നേതാവുമായ പാസ്റ്റർ പോൾ യോഗിംചോ 12 മില്ല്യൻ ഡോളറിന്റെ(7200 കോടി രൂപ) സഭാ ഫണ്ട് തിരിമറിയിൽ പിടിക്കപ്പെട്ടിരിക്കുന്നു.

അസംബ്ളിസ് ഓഫ് ഗോഡ് സഭയുമായി അഫിലിയേററു ചെയ്തിരിക്കുന്ന യോംഗിചോയുടെ സഭയിൽ ഒരു മില്ല്യനിലധികം ആളുകൾ വിശ്വാസികളായുണ്ട്. തന്റെ അമ്പതു വർഷത്തെ ശുശ്രൂഷാ കാലയളവിലെ ഏററവും വേദനാജനകമായ സംഭവമാണിതെന്നു യോംഗിചോ സഭയിൽ പരസ്യമായി ഏററു പറഞ്ഞു. സമൂഹ നൻമയ്ക്കുവേണ്ടി പ്രവർത്തിച്ച വ്യക്തിയെന്ന നിലയിൽ യോംഗിചോയെ ജയിൽ ശിക്ഷയിൽ നിന്നും ഒഴിവാക്കിയെങ്കിലും 5 വർഷത്തേക്ക് പാസ്റ്റർ പോൾ യോംഗിചോയ്ക്ക് നല്ല നടപ്പ് കോടതി വിധിച്ചിരിക്കയാണ്.

പിടിക്കപ്പെട്ട യോംഗിചോ അധികാരത്തിലും പ്രശസ്തിയിലും പണത്തിലും ആരും മതിമറന്ന് പ്രവർത്തിക്കരുതെന്ന് സഭാ വിശ്വാസികളെ അറിയിച്ചു. കോടികളുടെ ആരോപണങ്ങൾ നില നില്ക്കുമ്പോൾതന്നെ ആഡംബര ജീവിതംനയിക്കാത്ത യോംഗിചോയ്ക്ക് ഒരു കാർപോലും സ്വന്തമായില്ലാതെ 1000 സ്ക്വയർ ഫീററു മാത്രമുള്ള സഭയുടെ അപ്പാർട്ടുമെന്റിൽ താമസിക്കുകയാണ് പാസ്റ്റർ പോൾ യോംഗിചോ. (കടപ്പാട്)

# ചിന്തിക്കാൻ

നമ്മുടെയിടയിലെ വിവിധ പ്രസ്ഥാനങ്ങളുടെ കമ്മററിയിൽ ഉള്ളവരുടെ വർത്തമാന പൂർവകാല ചരിത്രം പരിശോധിച്ചാൽ പലരും ആ സ്ഥാനം വഹിക്കുവാൻ തിരുവചനപ്രകാരം യോഗ്യരല്ലായെന്നു കാണും. ആത്മീയത തൊട്ടുതീണ്ടിയിട്ടില്ലാത്തവരാണ് പലരും. ചില പ്രസ്ഥാനങ്ങൾക്ക് ഇത്തരത്തിലുള്ളവരെയാണ് ആവശ്യം. വിശ്വാസി എന്ന ലേബൽ അല്ലാതെ മറെറാന്നും ഇവർക്കു അവകാശപ്പെടുവാനില്ല. ലോകപ്രകാരമുള്ള കമ്മററികളിലായിരുന്നുവെങ്കിൽ ഇവർ നേരത്തെ ജനങ്ങളുടെ കൈകരുത്ത് അറിയുമായിരുന്നു.

**(സൈമൺ പയ്യന്നൂർ)**

# സുവിശേഷകൻ താമസിക്കുന്ന വീട്

(തുടർച്ച.2)

**E.P.VARGHESE-ANGAMALY**

**സു**വിശേഷവേലയ്ക്കായി കൊടുക്കേണ്ടതിനെപ്പററി സഭകളിൽ പറയേണ്ടുന്ന ചുമതല യഥാർത്ഥത്തിൽ അതതു സഭകളിൽ ശുശ്രൂഷ ചെയ്യുന്നവർക്കുള്ളതാണ്. അതു അവർ വേണ്ടപോലെ ഇന്നുവരെ നിർവഹിച്ചിട്ടില്ല. അതിന്റെ ദോഷഫലങ്ങൾ ഇന്നു എവിടെയും കാണുവാൻ കഴിയും. അക്കാര്യം കർത്താവിന്റെ വേലക്കാരോട് പറഞ്ഞാൽ സഭകൾ തെററിദ്ധരിക്കുമെന്നു പറഞ്ഞ് പലരും ഒഴിഞ്ഞു കളയുന്നതായി കാൺമാൻ ഇടയായിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രാഗത്ഭ്യമില്ലായെന്നതാണ് കാരണം. ഞങ്ങൾ അതു പറഞ്ഞാൽ അതു ഞങ്ങൾക്കു വേണ്ടിയാണെന്നു സഭക്കാർ പറയുമെന്നു ഒരിക്കൽ ഒരു സുവിശേഷകൻ പറഞ്ഞു. സുവിശേഷവേലയ്ക്കു കൊടുക്കുവാൻ മനസ്സില്ലാത്തവരായി ഹൃദയത്തിൽ പിൻമാറിയിരിക്കുന്നവർ അങ്ങനെ പറഞ്ഞേക്കാവുന്നതാണ്. എന്നാൽ ഒരു സുവിശേഷകനു പ്രാഗത്ഭ്യമുണ്ടെങ്കിൽ അതൊന്നും അയാൾ വക വെക്കേണ്ടതില്ല. കർത്താവിന്റെ വേലയ്ക്കുവേണ്ടി കൊടുക്കുന്നതിൽ സുവിശേഷകൻമാർ മാതൃക കാണിക്കുന്നുവെങ്കിൽ അതിനെപ്പററി പറയുവാനും അവർക്കു പ്രാഗത്ഭ്യമുണ്ടായിരിക്കുന്നതാണ്.

കർത്താവിന്റെ ശിഷ്യൻമാർ ഒരു ഗ്രാമത്തിൽ ചെന്നാൽ അവിടെ യോഗ്യനായ ആളെ കണ്ടുപിടിച്ച് ആ വീട്ടിൽ കയറിച്ചെല്ലുന്നത് ഭിക്ഷക്കാർ കയറിച്ചെല്ലുന്നതുപോലെയോ, അവരുടെ എന്തോ വാങ്ങി തിന്നാൻ വലിഞ്ഞുകേറി ചെല്ലുന്നതുപോലെയോ ഒരിക്കലും ആയിരിക്കയില്ല. ആയിരുന്നിട്ടുമില്ല. അവരുടെ നട്ടെല്ലിന്റെ ഓരോ കണ്ണിയും നേരെ തന്നെ നിവർന്നാണ് നിന്നിട്ടുള്ളത്. നിഗളംകൊണ്ടല്ല ആത്മിക പ്രാഗത്ഭ്യം കൊണ്ട്. ആരുടെയും യജമാനൻമാരായതുകൊണ്ടല്ല, മനുഷ്യരുടെ ദാസൻമാരല്ലാത്തതുകൊണ്ട്. വിനയവും താഴ്മയും ഒരു കർത്തൃദാസനിൽ പ്രകടമായി വെളിപ്പെട്ടു കാണേണ്ടതാണ്. എന്നാൽ അവനെ നടത്തുന്ന ആന്തരിക പ്രേരണകൾ ആത്മിക പ്രാഗത്ഭ്യത്തോടുകൂടിയതുതന്നെയായിരിക്കണം. സുവിശേഷവേലയ്ക്കുവേണ്ടി കൊടുക്കണമെന്നു പറയുന്നത് നിങ്ങൾക്കു കിട്ടാനായിട്ടാണെന്നു ആരെങ്കിലും ദുഷിച്ചാൽ ഞാൻ കർത്താവിന്റെ ശുശ്രൂഷകൻ, എനിക്കും അതിൽ പങ്കുണ്ടായിരിക്കാം എന്നു പറയണമെങ്കിൽ,ലജ്ജ കൂടാതെ പറയണമെങ്കിൽ, ഒന്നുകിൽ തൊലിയെല്ലാം രജിസ്ട്രർ ചെയ്തിരിക്കണം. അല്ലെങ്കിൽ യഥാർത്ഥമായ ആത്മിക പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. ഈ രണ്ടുവർഗ്ഗത്തിലും പെടാത്തവരാണ് അധികം പേരും.

നിങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടുവരാൻ ഞാൻ ആഗ്രഹിച്ച വിഷയം എത്രമാത്രം സ്പഷ്ടമായി എന്നു എനിക്കുതന്നെ തീർച്ചയില്ല. എന്നാൽ അതു എന്റെ ദൃഷ്ടിയിൽ അത്യന്തം പ്രാധാന്യമുള്ളതും അത്യധികമായ സൂക്ഷ്മതയോടുകൂടെ കൈകാര്യം ചെയ്വാൻ ആവശ്യമുള്ളതുമായ ഒരു കാര്യമാകുന്നു.

ആരുടെയും മുഖം നോക്കാതെ ആരുടെയും മുഖത്തു നോക്കി കാര്യം പറയുന്നതിനു കൃപയോടും സൗമ്യതയോടും കൂടെ പറയുന്നതിന് ഒരാളെ പ്രാപ്തിപ്പെടുത്തുന്ന കഴിവിനെയാണ് പ്രാഗത്ഭ്യമെന്നു ഇവിടെ ഉദ്ദേശിക്കുന്നത്.ഒരു സ്ഥലത്തെപ്പററി ഈ ഘട്ടത്തിൽ ഓർമ്മ വരുന്നു. അവിടെ ധനവാനായ ഒരു സഹോദരനുണ്ട്.

➲12



സ്ഥലത്തു ചെല്ലുന്ന സുവിശേഷകൻമാർ അവിടം വിട്ടുപോകുന്നതിനു മുമ്പെ ആ ധനവാന്റെ വീട്ടിൽ ചെന്ന് കുട്ടികൾക്കു രണ്ടു വാക്യം ചൊല്ലി കൊടുക്കുകയും മററു ചില മുറകൾ നിറവേററുകയും ചെയ്ത് അവിടെ നിന്നു ഒരു സഹായം വാങ്ങിക്കൊണ്ടു പോകയെന്നുള്ളത് ഒരു പതിവായിരുന്നു. ഇതു ഒരുതരം വാലാട്ടുന്ന സമ്പ്രദായം ആണെന്നു പറയാം. എന്നാൽ പ്രാഗത്ഭ്യം ഉണ്ടായിരുന്ന ചിലർ അതിനു വഴിപ്പെട്ടില്ല. അതുകൊണ്ടു അവർക്കു ആ വക സഹായങ്ങളും കിട്ടാതെപോയി. എന്നാൽ അവരുടെ പ്രാഗത്ഭ്യം പണത്തിനു വാങ്ങുവാൻ കഴിയുന്നതിൽ കൂടുതൽ വിലയുള്ളതായിരുന്നു. സുവിശേഷകൻ കാക്കാലൻതൊട്ട പാമ്പുപോലെ സകല ചൈതന്യവും അസ്തമിച്ചവരായിരിക്കണമെന്നു ആശിക്കുന്ന ചിലരുണ്ട്. **എനിക്കറിയാവുന്നിടത്തോളം പ്രാഗത്ഭ്യമുള്ള സുവിശേഷവേലക്കാർ എല്ലാവരേക്കാളും ശ്രേഷ്ഠൻമാരാണ്. അവർ ആരുടെയും മുമ്പിൽ കുനിയുകയില്ല.**

ഒരു സ്ഥലത്തു വേല ചെയ്യുന്ന ഒരു സഹോദരനു പ്രതിമാസം അമ്പതു രൂപാ കൊടുക്കണമെന്നു ആ സ്ഥലത്തെ വിശ്വാസികൾ കൂടി ആലോചിച്ചു.അവിടെയുള്ളവർ അധികവും മാസപ്പടിക്കാരായ ഉദ്യോഗസ്ഥരാണ്. അവർ കൂടി വരുന്ന ഹാളിന്റെ വാടകയും മററു സ്ഥലത്തേക്കു അയക്കുന്നതും ഉൾപ്പെടെ എഴുപതു രൂപയോളം പ്രതിമാസം അവർ ചെലവു ചെയ്യുന്നുണ്ട്. അതിനു പുറമെയാണ് ഈ അമ്പതു രൂപാ വേണ്ടതു. അതിനുള്ള മാർഗ്ഗങ്ങളെ ആരാഞ്ഞപ്പോൾ എല്ലാവരും ദശാംശം കൊടുക്കണമെന്നു ഒരാൾ പറഞ്ഞു. അയാൾക്കു ശമ്പളത്തിനു പുറമെ മററു വരുമാനങ്ങളും ഉണ്ടായിരുന്നു. അപ്പോൾ ശമ്പളമല്ലാതെ മററു വരുമാനങ്ങളില്ലാത്ത ഒരു സഹോദരൻ ശമ്പളമല്ലാതെ ദശാംശം എന്നല്ല, വരുമാനത്തിൽ ദശാംശം എന്നാക്കണമെന്ന് ഒരു ഭേദഗതി കൊണ്ടു വന്നു. പ്രമേയമോ ഭേദഗതിയോ ഒന്നും പാസായില്ല. ഈ വിവരം സുവിശേഷകൻ അറിഞ്ഞപ്പോൾ എന്റെ കാര്യം നിങ്ങളൊന്നും പാസാക്കേണ്ടതില്ല. എന്റെ കാര്യം പാസാക്കേണ്ടത് നിങ്ങളല്ല എന്നെ വിളിച്ചിറക്കിയ കർത്താവാണ്. ഇക്കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം നടത്തി മേലാലും നടത്തിക്കൊള്ളുമെന്നു പറയുകയാണുണ്ടായത്. പ്രാഗത്ഭ്യമുള്ളവർക്കു മാത്രമെ ഇങ്ങനെ പറയുവാൻ സാധിക്കയുള്ളു. **കർത്താവിന്റെ ദാസൻ കർത്താവിന്റെ മാത്രം ദാസനായിരിക്കണം.**

(തുടരും)

**ദുരുപദേശം...തുടർച്ച**

യേശുക്രിസ്തുവിനെ ആത്മാർത്ഥമായി വിശ്വസിച്ച് ഹൃദയത്തിൽ സ്വീകരിച്ച് അനുസരിച്ച് യേശു പറഞ്ഞ പ്രകാരം ദൈവത്തെ ആരാധിച്ച് മരണപെട്ടു പോകുന്നവർ ദൈവത്തോടു കൂടെ വസിക്കുന്നുവെന്നു ദൈവവചനം പറയുന്നു. നിങ്ങൾ പൂർണ്ണഹൃദയത്തോടെ മററ് അസത്യദൈവങ്ങളെയെല്ലാം തള്ളികളഞ്ഞു ഹൃദയം ദൈവത്തിനു വിട്ടുകൊടുത്താൽ നിങ്ങളുടെ ഹൃദയത്തിൽ യേശു ആത്മാവിൽ വന്നു വസിക്കുന്നു. ദൈവവചനം ശ്രദ്ധിച്ചാലും. ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദംകേട്ടു വാതിൽ തുറന്ന് ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.(വെളി 3:20).നിങ്ങളുടെ ഹൃദയ വാതിൽ ആത്മാർത്ഥമായി യേശു നാഥനുവേണ്ടി തുറന്നുകൊടുത്താൽ നിങ്ങളോടുകൂടെ യേശുനാഥനായ ദൈവം എപ്പോഴും ഉണ്ടായിരിക്കും. ഇതാണ് സത്യ ഉപദേശം. ഈ സത്യ ഉപദേശം നമ്മുടെ സൃഷ്ടാവും മറെറല്ലാ ഗോളങ്ങളുടെയും ഭൂമി ഉൾപ്പെടെ എല്ലാ ചരാചരങ്ങളുടെയും സൃഷ്ടാവായ ഏക ദൈവത്തിന്റേതാണ്. ഈ ഉപദേശം മാത്രമെ മനുഷ്യാത്മാവിനാൽ നൻമയും മോക്ഷവും പ്രദാനം ചെയ്യുന്നുള്ളു.

# ചോദിക്കൂ ... പറയാം

## ആഭരണധാരണമോ അതോ ജഡത്തിന്റെ പ്രവൃത്തികളോ?

മുൻ ലക്കം ഹാപ്പിവോയ്സിൽ ആഭരണധാരണമോ അതോ ജഡത്തിന്റെ പ്രവൃത്തികളോ ഏതാണ് വലിയ പാപം എന്നുള്ള കുറിപ്പാണ് ഇതെഴുതുവാൻ കാരണം. സഹോദരൻ ആഭരണധാരണത്തെ അനുകൂലിക്കുന്ന ഒരു വ്യക്തിയായാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.അങ്ങനെയെങ്കിൽ സിഗററ്റ്,മയക്കുമരുന്ന്,മദ്യം എന്നിവ ഉപയോഗിക്കുന്നതും വലിയ പാപമല്ലായിരിക്കുമല്ലോ. കൂടാതെ കുരിശ്,തുടങ്ങിയ വസ്തുക്കളും ഉപയോഗിച്ചാൽ തെറെറന്ന് പറയില്ലല്ലോ. ബ്രദറൺ ഉപദേശമെന്നൊന്നില്ലായെന്നും, പിതാക്കൻമാർ ഇട്ട അടിസ്ഥാനം, അതു ബ്രദറൺ പിതാക്കൻമാരല്ലായെന്നും ഒരു വ്യക്തിയുമായുള്ള അഭിമുഖത്തിലും കണ്ടു.മറുപടി പ്രതീക്ഷിക്കുന്നു.

**(ഒരു സഹോദരൻ- കല്ലിശേരി)**

പ്രിയ സഹോദരാ, ചോദ്യത്തിനു വളരെ നന്ദി. നിരവധിപേർക്ക് ഈ സംശയങ്ങൾ ഉണ്ട്. വിശദീകരണമില്ലാതെ മറുപടി പറയട്ടെ.

**1. ഞാൻ ആഭരണധാരണത്തെ അനുകൂലിക്കുന്ന വ്യക്തിയല്ല.** എന്നാൽ ആഭരണം ധരിച്ചവരെ ശുശ്രൂഷയിൽ നിന്നും കർത്തൃമേശയിൽ നിന്നും ഒഴിച്ചുനിർത്തുന്നതിനോട് എതിരുള്ള കൂട്ടത്തിലുമാണ്. പരപ്രേരണയാൽ ആഭരണധാരണം ഒഴിവാക്കുന്നതിനേക്കാൾ സ്വയമായി ചെയ്യുകയാണ് ഉത്തമം. മാത്രമല്ല പുതിയനിയമത്തിൽ ആഭരണം ധരിക്കരുത് എന്ന് വ്യക്തമായി എഴുതിയ ഒരു വാക്യവുമില്ല. പിന്നെ സാധാരണ പറയുന്ന വാക്യമാണ്- പൊന്ന്,വിലയേറിയ വസ്ത്രം,പിന്നിയ തലമുടി എന്ന പത്രോസിന്റെ ലേഖനത്തിലെ വാക്യം. അങ്ങനെ പറയുന്നവരുടെ മക്കളും ഭാര്യയും, മററും മുടി പിന്നാറില്ലേ- വിശ്വാസികൾ വിലയേറിയ വസ്ത്രം ധിരിക്കാറില്ലേ- അവ രണ്ടിനെയും ഒഴിവാക്കി പൊന്നിനെ ഒഴിവാക്കണമെന്നു പറയുന്നത് പരീശഭക്തിയാണ്.

**2. സിഗററ്റ്,മയക്കുമരുന്ന് ഉപയോഗിക്കരുത് എന്ന് വചനത്തിലുണ്ടോ.**

വൈദ്യശാസ്ത്രംപോലും ഇവയും ഇവയ്ക്കു തുല്യമായ വസ്തുക്കളും ശരീരത്തിനു ദോഷം ചെയ്യുമെന്നു പറയുന്നു, പൗലോസും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ ശരീരം ദൈവത്തിന്റെ മന്ദിരമാകുന്നു. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ഇതിൽ കൂടുതൽ തെളിവ് ഈ വിഷയത്തിൽ വേണ്ടല്ലോ.

**3. മദ്യപാനം-** മദ്യപാനി ദൈവരാജ്യം അവകാശമാക്കുയില്ല എന്ന വ്യക്തമായ ദൈവവചനം സഹോദരൻ വായിക്കുക.

**4. ബ്രദറൺ ഉപദേശം-** പുതിയനിയമ ഉപദേശം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ഉള്ളതാണ്. അല്ലാതെ ബ്രദറുകാർക്കു മാത്രമല്ല. ഒരു ബ്രദറുകാരനും ഈ ഉപദേശം പൂർണ്ണമായി അനുസരിക്കുന്നവനാണെന്നു പറയുവാനും കഴിയുകയില്ല.

**5.പിതാക്കൻമാർ-** പിതാക്കൻമാർ ഇട്ടിരിക്കുന്ന അതിർ എന്ന് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത് ബ്രദറൺ പിതാക്കൻമാരെക്കുറിച്ചല്ല. പിന്നെയോ തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന പിതാക്കൻമാരെക്കുറിച്ചാണ്.

**6.കുരിശ്-** വിഗ്രഹാരാധന പാടില്ല എന്നു വചനം സ്പഷ്ടമായി പറയുന്നു.

പരീശഭക്തി ഒഴിവാക്കുക. വിശ്വാസജീവിതത്തിനു തടസ്സമാകുന്ന കാര്യങ്ങളെ ഒഴിവാക്കുക. ദൈവനാമമഹത്വത്തിനായി പ്രവർത്തിക്കുക.

**(സൈമൺ പയ്യന്നൂർ)**



# ശാസ്ത്രമേ തല താഴ്ത്തുക

കാണാതായ മലേഷ്യൻ വിമാനം ആഴ്ചകൾ പലതു കഴിഞ്ഞിട്ടും കണ്ടുകിട്ടാറായിട്ടില്ല. ഇന്ത്യൻ മഹാസമുദ്രത്തിലെ 77,500 ചതുരശ്ര കിലോമീററററിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. വിമാനത്തിന്റെ ബ്ളാക്ക് ബോക്സ്പോലും ഇതുവരെ കണ്ടെത്താനായില്ല.

വ്യോമയാന ചരിത്രത്തിലെ ഏററവും ചിലവേറിയ തിരച്ചിലായി മാറിയിരിക്കയാണ് കാണാതായ മലേഷ്യൻ വിമാനത്തിനായുള്ള അന്വേഷണം.

ഇതുവരെ 300 കോടി രൂപയോളം ചെലവായെന്നാണ് ഏകദേശ കണക്ക്. 26 രാജ്യങ്ങളുടെ കപ്പലുകളും വിമാനങ്ങളും മുങ്ങിക്കപ്പലുകളും ഉപഗ്രഹങ്ങളും ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു.

കാണാതായ മലേഷ്യൻ വിമാനത്തെക്കുറിച്ച് ശുഭ സൂചനകൾ ലഭിക്കട്ടെ എന്നു ഞങ്ങൾ ആശിക്കുന്നു. എന്നാൽ ശാസ്ത്രത്തിനു എല്ലാം സാധിക്കുമെന്നും വൻ ലോക രാജ്യങ്ങൾക്കു എല്ലാം കൈെത്തുമ്പിലാണെന്നുമുള്ള അഹങ്കാരത്തിനേററ വൻ തിരിച്ചടിയാണിത്. ശാസ്ത്രം എത്രതന്നെ വളർന്നാലും പരിമിതികൾ നിലനില്ക്കുന്നുവെന്ന സത്യം ഈ വിമാന ദുരന്തത്തിലൂടെ മനുഷ്യർ മനസ്സിലാക്കണം. ദൈവം സൃഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണ്. ശാസ്ത്രമേ സൃഷ്ടാവിന്റെ മുമ്പാകെ തലതാഴ്ത്തുക. **(സൈമൺ പയ്യന്നൂർ)**

# സംയുക്ത ആരാധനയും സഭാഹാൾ ഉദ്ഘാടനവും

**രാജ്കോട്ട്**

സൗരാഷ്ട്ര ,കച്ച് ജില്ലകളിലെ ബ്രദറൺ സഭകളിലെ വിശ്വാസികൾ ഒരുമിച്ച് ഏപ്രിൽ 30 ഞായറാഴ്ച രാജ്കോട്ട് ബ്രദറൺ സഭാഹാളിൽ വെച്ച് സംയുക്ത ആരാധന നടത്തി. ഗാന്ധിദാം ബ്രദറൺ സഭ,സാമഖ്യാലി, ജാംനഗർ,ജൂനാഗഡ്,രാജ്കോട്ട് തുടങ്ങിയ സഭകളാണ് ഒരുമിച്ച് ദൈവത്തെ ആരാധിച്ചത്. അതിനോടനുബന്ധിച്ച് രാജ്കോട്ട് ബ്രദറൺ സഭയ്ക്കായി ബ്രദർ.ഡേവിഡ്.പി.ഐസക്കിന്റെ ഭവനത്തിനു മുകളിൽ പണിത സഭാഹാളിന്റെ സമർപ്പണ ശുശ്രൂഷയും നടന്നു. ബ്രദർ. പി.ററി.ജോൺ- ജാംനഗർ സമർപ്പണ ശുശ്രൂഷയും, ബ്രദർ.സൈമൺ പയ്യന്നൂർ വചന ശുശ്രൂഷയും നടത്തി. സുവിശേഷകൻമാരായ സഞ്ജയ് പർമാർ,വി.പി. മാത്യു,ജയേഷ് മക്ക്വാൻ,റോയി മീൻപാറ തുടങ്ങിയവരും വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു.

രാജ്കോട്ട് ബ്രദറൺ സഭയെയും ബ്രദർ.ഡേവിഡ്. പി.ഐസക്കിനെയും കുടുംബത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

(സ്വ.ലേ)

# UAE ലെ ബ്രദറൺ സഭകൾ
## "കണ്ടതും...കേട്ടതും"

തുടർച്ച (4)

Simon Payyanur

### യു.എ.ഇ. യിലെ സന്ദർശക സുവിശേഷകൻമാർ

യു.എ.ഇ. യിലെ സന്ദർശക സുവിശേഷക ബാഹുല്യം മററു വിദേശ രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നാണ് അറിയാൻ സാധിച്ചത്. ഒരു സഭയ്ക്ക് ഒരു വർഷം ഒരു വ്യക്തിയെ ഔദ്യോഗികമായി കൊണ്ടുവരാനുള്ള ക്രമീകരണമാണ് പൊതുവെ സ്വീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും അതിൽ കൂടുതൽ സുവിശേഷകൻമാരാണ് ഓരോ വർഷവും സന്ദർശനത്തിനായി എത്തുന്നത്. ദൈവദാസൻമാരെ ഒരു പ്രാവശ്യം സന്ദർശനത്തിനായി വിളിക്കുന്നത് നല്ലതുതന്നെയാണ്. വിദേശ രാജ്യങ്ങൾ കാണുവാനും ഭൗതികമായ എന്തെങ്കിലും പ്രയോജനമുണ്ടാകുവാനും കാരണമാകും. എന്നാൽ വിളിയിലും തിരഞ്ഞെടുപ്പിലും നല്ല പൊളിററിക്സ് ഉണ്ടെന്നു മനസ്സിലാക്കുവാൻ സാധിച്ചു.

ചില പ്രഗത്ഭരെന്നു പറയുന്നവർ വർഷത്തിലൊരിക്കലെങ്കിലും ഗൾഫുമേഖലകളിൽ കറങ്ങാറുണ്ട്. ഏതെങ്കിലും സഭ ശുശ്രൂഷയ്ക്കു വിളിച്ചാൽ അവിടുത്തെ ശുശ്രൂഷ കഴിഞ്ഞ് മററു സഭകളിലെ ചിലരെ വിളിച്ച് പ്രോഗാമുകൾ തയ്യാറാക്കി ദിവസങ്ങളും ആഴ്ചകളും തള്ളിനീക്കുന്ന പ്രസംഗപടുക്കളും ഉണ്ട്. എന്നിട്ടു പറയുന്നതോ അവർ നിർബന്ധിച്ചു ഇവർ നിർബന്ധിച്ചു, ആ സഭ വിളിച്ചു, ഈ സഭ വിളിച്ചു എന്നൊക്കെയാണ്. ഇങ്ങനെയുള്ളവരെക്കൊണ്ട് അവിടെയുള്ള പല വിശ്വാസികളും മടുത്തിട്ടുണ്ടെങ്കിലും പുറമെ കാണിക്കാതെ സ്നേഹത്തോടെ സ്വീകരിക്കയാണ്. ഇതു സ്വയം മനസ്സിലാക്കി പ്രവർത്തിക്കാനുള്ള വിവേചനവരം ദ്രവ്യാഗ്രഹമൂലം ഈ പ്രഗത്ഭർക്ക് നഷ്ടപ്പെടുകയാണ്. കഷ്ടകരം എന്നല്ലാതെ എന്തു പറയാൻ. ചില സഭകൾക്കും വ്യക്തികൾക്കും ചില പ്രഗത്ഭരെ വർഷത്തിലൊരിക്കലെങ്കിലും വിളിച്ചില്ലെങ്കിൽ വലിയ വിമ്മിഷ്ടമാണ്.

സ്ഥിരമായിവരുന്നവരെ ഒരു സഭയും പ്രോത്സാഹിപ്പിക്കാൻ പാടില്ല. സുവിശേഷകന്റെ ലേബലും ധരിച്ച് സുവിശേഷപ്രവർത്തനം നടത്താതെ സുവിശേഷകന്റെ സകല ആനുകൂല്യങ്ങളും സ്വീകരിച്ച് വിലസുന്ന ഇത്തരത്തിലുള്ള സുഖിമാൻമാരായ സർക്കീട്ടു ദാസൻമാരെ തിരിച്ചറിയുവാൻ വിദേശ സഭകൾക്കു സാധിക്കണം. വിദേശ രാജ്യങ്ങളിൽ മാത്രം ശുശ്രൂഷ ചെയ്യുവാനാഗ്രഹിക്കുന്ന ഇത്തര അഭിനവ സുവിശേഷകൻമാർക്ക് സ്വന്തമായി ഒരു സ്ഥലം സഭ പോലുമില്ലായെന്നതാണ് യാഥാർത്ഥ്യം. ഇവരൊക്കെ മററുള്ളവരുടെ തണലിൽ സുവിശേഷകൻമാരായി വിലസുന്നവരാണ്. മാത്രമല്ല ഇവരുടെയൊക്കെ അയൽ സഭകളിലൊ ചുററുപാടുമോ ഒരു പ്രാവശ്യംപോലും ശുശ്രൂഷ ചെയ്യാത്തവരുമാണ്. എന്നാൽ കർത്താവിന്റെ ദാസൻ എന്ന ലേബലിൽ സകലതും ലഭിക്കുന്നു താനും. ഇവരുടെയൊക്കെ ശുശ്രൂഷ ഏതു വചനത്തിന്റെ അടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ലയെന്നു മാത്രമല്ല വിശ്വാസികളുടെയിടയിൽ മാത്രം ശുശ്രൂഷ ചെയ്യുന്ന ഇവരുടെ ശുശ്രൂഷ ചോദ്യം ചെയ്യപ്പെടേണ്ടതുമാണ്.

ഇവരെ കൂടാതെ വർഷത്തിൽ ഗാനശുശ്രൂഷയുമായി കറങ്ങുന്ന മറെറാരു കൂട്ടരുണ്ട്. പാട്ടുപാടുന്ന സുവിശേഷകൻമാർ. ഇവരെല്ലാം വരുന്നത് ചില സ്വന്തബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്നതാണ് രസകരം. മററുചിലരാകട്ടെ യിസ്രായേൽ സന്ദർശിക്കുന്ന സുവിശേഷകൻമാരാണ്. ഇന്ത്യയിൽ നിന്നും നേരിട്ട് യിസ്രായേലിലേക്കു പോകും. പക്ഷേ തിരിച്ചുവരുന്നത് യു.എ.ഇ വഴിയും. ഒരു വെടിക്ക് രണ്ടു പക്ഷി. അത്യാവശ്യ സ്വന്തബന്ധങ്ങളുള്ളവരാണെങ്കിൽ യിസ്രായേലിലേക്കു മുടക്കിയ തുക പിരിഞ്ഞുകിട്ടും അല്ലെങ്കിൽ പിരിക്കും.ഇപ്പോൾ ഇങ്ങനെ വരുന്നവരെ അധികം പ്രോത്സാഹിപ്പിക്കുന്നില്ല എന്നറിയുന്നു.

➲16



വേറെ ചില സുവിശേഷകൻമാരാകട്ടെ മക്കളുടെയും കൊച്ചുമക്കളുടെയും പേരിലാണ് വരുന്നത്. ആഴ്ചകൾതന്നെ ഇവരൊക്കെ ഈ പേരിൽ അവിടെതങ്ങും. ഇതിനിടയിൽ ഏതെങ്കിലും സഭകളിലൊക്കെ ശുശ്രൂഷ സംഘടിപ്പിക്കും. മിക്കവാറും വിശ്വാസികൾ വർഷത്തിലൊരിക്കലെങ്കിലും ഇന്ത്യയിലേക്കു വരുന്നവരാണ്. അങ്ങനെയിരിക്കെ സുവിശേഷകൻമാർ മക്കളുടെപേരും പറഞ്ഞ് ആഴ്ചകൾ വിദേശരാജ്യങ്ങളിൽ തമ്പടിക്കുന്നത് യോഗ്യമായ ശുശ്രൂഷയല്ല. ഇത്രയും പറഞ്ഞതിൽ നിന്നും മക്കളെ കാണുവാൻ പോകരുത് എന്നല്ല, ശുശ്രൂഷകളെ അവഗണിച്ചുകൊണ്ടുള്ള തന്ത്രപരമായ നീക്കം ശരിയല്ലായെന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം.

ആദ്യമായി വരുന്ന സുവിശേഷകൻമാരെ മററു അയൽ രാജ്യങ്ങളിലേക്കും ചില ആഴ്ചകളിലേക്ക് പറഞ്ഞയക്കാറുണ്ട്. ഈ വിഷയം സ്പോൺസർ ചെയ്യുന്ന സഭ ആവശ്യപ്പെട്ടാൽ അയൽ രാജ്യങ്ങളിലെ സഭകൾ ചെയ്യാറുമുണ്ട്. ഇവിടെയും ആളും തരവും നോക്കി മാത്രമെ സ്വീകരിക്കയുള്ളു. ദുർന്നടപ്പുകാരനെയും,അയോഗ്യമായ ജീവിതം നയിക്കുന്നവരെയും സ്ഥിരം ചില കുററികളെയും ഇവരൊക്കെ രണ്ടു കയ്യും നീട്ടി സ്വീകരിക്കും. പക്ഷേ ഇവർക്കിഷ്ടമല്ലാത്തവരാണ് വരുന്നതെങ്കിൽ ഒരു കാരണവശാലും സ്വീകരിക്കയില്ല. അവിടെ ജീവിത വിശുദ്ധിയും ആത്മിയതയും ഒന്നും ഇത്തര സഭകൾക്ക് പ്രശ്നമേയല്ല.

ഞാൻ മനസ്സിലാക്കിയിടത്തോളം ഇവിടെയുള്ള സഭകളിലെ വിശ്വാസികൾ, സന്ദർശകരായി വരുന്ന ഇങ്ങനെയുള്ള സുവിശേഷകൻമാർക്ക് കൂട്ടായ്മയുടെ വലതു കരം കൊടുക്കുന്നതു വെറും വിരലിലെണ്ണാവുന്നവർ മാത്രമാണ്. കൊടുക്കുന്നവർ തന്നെ എല്ലാവർക്കും എല്ലാററിനും കൊടുക്കുന്നു. അതിനാൽ അവർക്ക് അതിന്റേതായ പരിമിതികൾ ഉണ്ടുതാനും. ഓരോ സഭകളിലെയും ഭൂരിഭാഗം വിശ്വാസികളും കൂട്ടായ്മ കാണിക്കാത്തവരാണ്. കൊടുക്കുന്നവരിൽതന്നെ ചില വ്യത്യസ്തതയുമുണ്ട്. ഉദാഹരണമായി സ്വന്തബന്ധവും അച്ചായൻമാരുടെ ഗുഡ് സർട്ടിഫിക്കററും ഉള്ളവർക്കു ആയിരം കൊടുക്കുമ്പോൾ സാധാരണക്കാരനായവനു നൂറാണ് കൊടുക്കുന്നത്. അതുപോലും കൊടുക്കാത്തവരുമുണ്ട്. ഹോട്ടലിൽ ആഹാരത്തിന് എത്രവേണമെങ്കിലും കൊടുക്കും പക്ഷേ ഒരു സുവിശേഷകനു അളന്നു മാത്രമെ കൊടുക്കയുള്ളു . ഇതാണ് ഇവിടുത്തെ പൊതുവായ ഒരു രീതി.

സന്ദർശക സുവിശേഷകൻമാർക്ക് ഓരോ സഭകളും ഒരു കൂട്ടായ്മ നിർണ്ണയിച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഏററവും കൂടുതൽ എണ്ണായിരവും കുറഞ്ഞത് മൂവായിരവും ആണ്.(ഇന്ത്യൻ രൂപ) മനുഷ്യരെ പ്രസാദിപ്പിക്കാനറിയാത്ത ഈ ലേഖകനെപ്പോലെയുള്ളവർക്കൊക്കെ യു.എ.ഇ കണ്ടിട്ടു വരാമെന്നല്ലാതെ മററ് കാര്യമായ പ്രയോജനം ഉണ്ടാകുകയില്ല. എന്നാൽ അതേ സമയം,സാക്ഷ്യത്തിന്റെയും പ്രസംഗത്തിന്റെയും മദ്ധ്യത്തിലൊക്കെ കണ്ണുനീരു പൊഴിക്കുവാനുള്ള ചില മസാലകളൊക്കെ തിരുകികയററിയാൽ മടിശീലയുടെ ഘനം കൂടും. ഇത്തരത്തിലുള്ള ചിലരുടെയൊക്കെ വീരപരാക്രമങ്ങളെക്കുറിച്ച് ഈ ലേഖകനു കേൾക്കുവാൻ സാധിച്ചു. പ്രഗത്ഭരെന്നു പറയപ്പെടുന്നവർ രണ്ടാഴ്ച യു.എ.ഇ യിൽ ചിലവഴിച്ചു തിരിച്ചുവരുമ്പോൾ മററുള്ളവർ രണ്ടുമാസം ചിലവഴിക്കുന്നതിനെക്കാൾ സഹായമാണ് ലഭിക്കുന്നതെന്നു ചില സഹോദരൻമാർ പറയുകയുണ്ടായി. കൂടുതൽ വാങ്ങിയവൻ കൂടുതലും കുറച്ചു വാങ്ങിയവൻ കുറച്ചും കണക്കു കൊടുത്താൽ മതിയല്ലോ.

നമ്മുടെ സുവിശേഷകൻമാരുടെ നിരവധി കുഞ്ഞുങ്ങൾ ഇവിടെയുള്ള സഭകളിൽ ഉണ്ട്. ഒരു സഹോദരൻ അവരെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്; ബ്രദറേ ഈ കുഞ്ഞുങ്ങൾ ഒക്കെ പഠിച്ച് നല്ല നിലയിലായത് അനേക ദൈവമക്കളുടെ സഹായത്താലും പ്രാർത്ഥനയിലുമാണ്. ഇവർക്കൊക്കെ നല്ല സൗകര്യം ആയപ്പോൾ സന്ദർശനത്തിനായി വരുന്ന സുവിശേഷകൻമാർക്ക് ചെറിയ കൂട്ടായ്മപോലും കൊടുക്കുന്നതായി കണ്ടിട്ടില്ല. ഇതുകേട്ടപ്പോൾ ശരിയാണെന്നു എനിക്കും മനസ്സിലായി. മക്കളെ പിതാക്കൻമാർ പഠിപ്പിക്കാത്തതുകൊണ്ടായിരിക്കാം.

(തുടരും)

RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014



## ഗാനക്വിസ്. 166



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ മെയ് 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**OR**

**09825169406** എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**payyanursimon@gmail.com** എന്ന ഇ-മെയിൽ വിലാസ ത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഗാനം:** ഒട്ടും പിൻമാറാതെ ഓട്ടം ഞാനോടിടും
ഒടുവിലെൻ വീട്ടിൽ...

ഫെബ്രുവരി,മാർച്ച് ലക്കങ്ങൾ വളരെ താമസിച്ചാണ് വരിക്കാർക്ക് ലഭിച്ചതായി അറിയുന്നത്. അതിനാൽ 163,164 ഗാനക്വിസിലെ വിജയികളായി സ്ഥിരമായി പങ്കെടുക്കുന്നവരുടെ പേരുകൾ ചേർക്കുകയാണ്. അസൗകര്യം നേരിട്ടതിൽ ഖേദിക്കുന്നു. (ചീഫ് എഡിററർ)

1.Omana Varghese-Jabalpur
2.M.V.Samuel-Tiruvalla
3.Saramma Samuel-Eraviperoor
4.Maggy Simon-Peramangalam
5.Thankamma Varghese-Edayaranmula
6.Mariamma Thomas-Kunnamthanam
7.Jolly Samuel-Cochin
8.Lilly Poulose-Secunderabad

## സിഡി പ്രകാശനം

ഹാപ്പി വോയ്സിന്റെ ദുബൈ പ്രതിനിധി **ബ്രദർ: വർഗ്ഗീസ്സ് ജോർജ്-മൈലപ്രയുടെ** പ്രഥമ ഗാനോപകാരം,

**“ നിൻ മഹാ കൃപയ്ക്കായ് ”**

എന്ന സി.ഡി.യുടെ പ്രകാശനം ദൈവഹിതമായാൽ **03-05-14 ന് ദുബൈ ബഥേൽ ബ്രദറൺ സഭ** യുടെ നേതൃത്വത്തിൽ നടത്തുന്നു. 10 മലയാളം ഗാനങ്ങളും ഒരു ഇംഗ്ലീഷ് ഗാനവുമാണ് ഇതിലുള്ളത്. ദൈവജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

**പ്രസാധകർ:**

**Thottalil Creations**

**സി.ഡി. ആവശ്യമുള്ളവർ ബന്ധപ്പെടുക;**

**Dubai - 00971-507694748**

**India - 0761-2426255**

## GOSPEL MEETING

**Place: lACKHISARAI - BIHAR**

**Date: 9,10,11 May 2014.**

**Speaker: Simon Payyanur**

**Programme: Bible Class, Baptism, Night Meetings**

**Contact: ABHAY MANDAL -M-09934766471**

## OUT REACH WORK

**Place: PANCHMAHAL DISTRICT-Gujarat.**

**Date: 3rd week June 2014.**

**Organised by:**

**6 members Gujarat Evangelists Team**

## കണ്ടതും ... കേട്ടതും

*നമ്മുടെയിടയിലെ ചില മാസികാ നടത്തിപ്പുകാരുടെ വിചാരം അവർ പ്രസിദ്ധീകരിക്കുന്ന മാസിക മാത്രമെ നല്ലത് ഉള്ളുവെന്നാണ്.

-കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് എന്നാണല്ലോ ചൊല്ല്.

* നമ്മുടെയിടയിൽ ചിലസാഹിത്യകാരൻമാർ പ്രഗത്ഭരെ ആദരിക്കുന്ന ശുശ്രൂഷ തുടങ്ങിയതായി അറിയുന്നു.

ഇവരെയാണ് സാ-ഹത്യ-കാരൻമാൻ എന്നു പറയുന്നത്. നമ്മൾക്കെന്തിനിയുലകിൽ മഹിമ..ക്രിസ്തുവിന്റെ നിന്ദ ചുമക്കാം... എന്ന പാട്ട് ഇനി ആദരിക്കുന്നവരും ആദരിക്കപ്പെടുന്നവരും പാടുകയില്ല എന്നു കരുതുന്നു. (SP)

## ഹാപ്പി വോയ്സ് വരിക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയ്ക്ക് പ്രത്യേക ഫണ്ടുകളോ വരുമാനമോ ഇല്ല. നിങ്ങളുടെ വരിസംഖ്യയും സ്വമേധദാനങ്ങളും അയച്ചുതന്ന് പ്രവർത്തനത്തെ സഹായിക്കുക. **(ചീഫ് എഡിററർ)**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125